പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1850 — 17.06.2013-ൽ മറുപടിക്ക്.

## അങ്കമാലിയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അങ്കമാലി നഗരത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് കണക്കിലെടുത്തും 2006-2012 കാലയളവിൽ അങ്കമാലി, കാലടി, നെടുമ്പാശ്ശേരി സർക്കിൾ സ്റ്റേഷനുകളുടെ കീഴിൽ, വിവിധ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന വാഹന അപകടങ്ങളുടെയും, മറ്റ് ട്രാഫിക് കുറ്റകൃത്യങ്ങളുടെയും എണ്ണത്തിലെ വർദ്ധനവ് കണക്കിലെടുത്തും അങ്കമാലിയിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ; | : (എ) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. |
| (ബി) അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിരമായി 20 പോലീസുകാരെ വിട്ടുനൽകണമെന്ന 29.09.2011-ലെ നഗരസഭയുടെ കൗൺസിൽ പ്രമേയത്തിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ? | : (ബി) അങ്കമാലി പോലീസ് സ്റ്റേഷന്റെ നിലവിലുള്ള പ്രവർത്തനത്തെ തടസ്സപ്പെടുത്താതെയും, ക്രമസമാധാന പ്രശ്നങ്ങൾക്കായി പോലീസ് സേനയുടെ സേവനം നൽകുന്നതിന് ഭംഗം വരാത്ത രീതിയിലും നിലവിലുള്ള ഗതാഗതം നിയന്ത്രിക്കുന്നതിനായി പരമാവധി പോലീസുകാരെയും ഹോം ഗാർഡിനെയും അങ്കമാലി പോലീസ് സ്റ്റേഷനിൽ നിന്നും നിയോഗിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ